Mr. P. Govinda Menon *(Minister for Finance and Law):*

(*a*) No such news report is seen published in the 'Express' dated 3rd Kanni 1124.
(*b*) and (*c*) Does not arise.

Mr. C. V. Iyyu *(Kunnamkulam):* I have to submit to the Hon'ble President that the figure 3 has been written by a mistake. It ought to be 8; because of the similarity of the figure 3 and 8 a mistake has been committed. I have submitted that very issue of the newspaper itself to the Hon'ble President. The Government may be pleased to give an answer at a later date.

Mr. P. Govinda Menon *(Minister for Finance and Law):* A copy of the Express which is now with me is dated 3rd Kanni.

Mr. President: What the Hon'ble Member meant is 8th Kanni. I have verified it. So what the Hon'ble Member's suggestion is that this may be altered as 8th Kanni and Government may answer it at a later date.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Minimum Wages-നെപ്പറ്റിയോ, അപ്പ്ലിഫ്ട് ടൈബ്യൂണലിനെ സംബന്ധിച്ചോ എന്താണെന്ന കൃത്യമായി പറയാൻ എനിക്കിപ്പോൾ ഓർമ്മയില്ല. കടലാസ്സു കണ്ടാൽ പറയാം.

Mr. President: Now let us go to the other question. This shall be answered later.

RULES OF THE PUBLIC SERVICE COMMISSION—INFORMATION REGARDING

16. (251) മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ:

താഴെ പറയുന്ന ചോദ്യത്തിനു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു മനസ്സുണ്ടാകുമോ.—

പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നടത്തിപ്പിനെ സംബന്ധിച്ചു നിയമങ്ങളും വകുപ്പുകളും ഉണ്ടാക്കീട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്:

പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നടത്തിപ്പിനെ സംബന്ധിച്ച് ഉണ്ടാക്കപ്പെട്ടിട്ടുള്ള നിയമങ്ങളും വകുപ്പുകളും ഗവൺമെന്റിന്റെ ആലോചനയിൻ ഇരിക്കുകയാണ്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏർപ്പെടുത്തിയിട്ട് എത്രകാലമായി?

മിസ്റ്റർ സി. എ. ഔസേപ്പ്: 1949-ൽ ആണ് ഏർപ്പെടുത്തിയത്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: അന്നു നിയമങ്ങളൊന്നും ഉണ്ടാക്കിയിട്ടില്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: നിലവിലുള്ള നിയമങ്ങൾ ഉദ്യോഗസ്ഥന്മാരുടെ നിലയിൽ അസമത്വങ്ങൾ ഉണ്ടാക്കാൻ ഇടയുള്ളവിധത്തിലായിരുന്നതിനാൽ എല്ലാവർക്കും നീതി ചെയ്യുന്ന നിയമങ്ങൾ ഉണ്ടാകണമെന്ന കരുതി അതിനെക്കുറിച്ച് ആലോചിച്ചുവരുന്നുണ്ട്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: അങ്ങിനെ എല്ലാവർക്കും സ്വീകാര്യമായ നിയമങ്ങൾ ഉണ്ടാക്കുവാൻ ഇനിയും എത്ര താമസം വേണ്ടിവരും?

മിസ്റ്റർ സി. എ. ഔസേപ്പ്: അധികതാമസം ഉണ്ടാകയില്ല.

മിസ്റ്റർ പി. കെ. ഡീവർ: നിയമങ്ങൾ ഉണ്ടാക്കുന്നതുവരെ സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ രീതിയിൽ തന്നെയാണ് ഉദ്യോഗനിയമനത്തിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ളതുകൊണ്ട് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ തസ്തിക തല്ക്കാലത്തേക്കെങ്കിലും വേണ്ടെന്നുവച്ച് പഴയ Staff Selection ബോർഡിനെക്കൊണ്ടുതന്നെ കാര്യങ്ങൾ നടത്തരുതോ?

മിസ്റ്റർ സി. എ. ഔസേപ്പ്: പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിയമങ്ങളനുസരിച്ചു തന്നെ കാര്യങ്ങൾ തുടരുന്നതിനു അധികം താമസം വേണ്ടിവരികയില്ല.

മിസ്റ്റർ പി. കെ. ഡീവർ: പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിയമങ്ങൾ എഴുതുവാനായി റിട്ടയർചെയ്ത ഒരുദ്യോഗസ്ഥനെ വെച്ച് നിയമങ്ങൾ എഴുതിക്കുകയുണ്ടായിട്ടില്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: റിട്ടയർ ചെയ്തതാണോ അല്ലയോ എന്നു നിശ്ചയമില്ല; ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് നിയമങ്ങൾ എഴുതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡിവർ: പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ റൂളുകൾ ഒരുദ്യോഗസ്ഥനെക്കൊണ്ട് എഴുതിക്കുന്നതിനു മുമ്പുതന്നെ ഗവണ്മെണ്ടു തയ്യാറാക്കി വെച്ചിരുന്നതല്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: എന്താണും റൂളുകൾ എഴുതിവെച്ചിട്ടുള്ളതായി കാണാനുണ്ട്. അതിൽ ചിലതു് ആ ഉദ്യോഗസ്ഥൻ പുതിയതായി എഴുതി ഉണ്ടാക്കിയതുമുണ്ട്.

മിസ്റ്റർ കെ. ഡബ്ലു. മുരളീധരമാരാർ: Grouping system കൊണ്ടു് വളരെ ബുദ്ധിമുട്ടുണ്ടായിട്ടില്ല എന്നു ഗവണ്മെണ്ടിനു തോന്നുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസ് വേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തേണ്ടതായ ഉദ്യോഗ നിയമനങ്ങൾ ഗവണ്മെണ്ടുതന്നെ ഏറ്റെടുത്തു നടത്തിയതായിട്ടറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു് ഇതിൽ arise ചെയ്യുന്നില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ക്ലാർത്തെതന്നെ കായ്ങ്ങൾ നടന്നിട്ടുണ്ടോ എന്നറിയുവാനാണ് ചോദിക്കുന്നതു്. 1100 കെ.യിൽ താഴെയുള്ള ഉദ്യോഗ നിയമനങ്ങളാണ് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അധികാരത്തിൽപ്പെട്ടവ. അത്തരം ഉദ്യോഗങ്ങളിൽ ഗവണ്മെണ്ടുതന്നെ നേരിട്ടു നിയമനം നടത്തിയിട്ടുണ്ടോ എന്നാണ് ചോദിക്കുന്നതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: എന്നെ സംബന്ധിച്ചിടത്തോളം അതു് നോക്കി അറിയേണ്ടതായിട്ടാണ് ഇരിക്കുന്നതു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: Grouping system ഇപ്പോഴത്തെ റൂളുകളിൽ പെടുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതും പെടും.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ആ ഉദ്യോഗസ്ഥൻ എഴുതി ഉണ്ടാക്കിയ റൂളുകൾ ഗവണ്മെണ്ടിന്റെ കയ്യിൽ കിട്ടിയതു് എന്നാണോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഏതാണ്ടു് കഴിഞ്ഞ ചിങ്ങമാസത്തിൽ കിട്ടിയതായിട്ടാണ് കാണുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടപ്പിൽ വന്നതിനുശേഷം അതിന്റെ പ്രവർത്തനം തുടങ്ങുവാൻ ഇത്ര അധികം കാലം വൈകിപോകാൻ പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടായിട്ടുണ്ടോ? അതായതു് ഗവണ്മെണ്ടിനു പ്രത്യേകമായി ആവശ്യമുള്ള നിയമനങ്ങൾ കഴിഞ്ഞിട്ടു് പ്രവർത്തനം തുടങ്ങാമെന്നോ മറ്റോ വിചാരിച്ചായിരിക്കുമോ ഇത്ര വൈകിപ്പോകാൻ കാരണം?

Mr. President: Order; no such insinuation. Even for eliciting informations, questions should not contain insinuations.

മിസ്റ്റർ സി. എ. ഔസേപ്പ്: പ്രത്യേക കാരണമൊന്നുമുള്ളതായിട്ടു് റിക്കാർഡ്കൊണ്ടു കാണുന്നില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഒരു കാരണവുമില്ലാതെ നീണ്ടുപോയതാണെന്നാണോ പറയുന്നതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: കൃത്യമായി പറയാൻ നോട്ടീസ്സു് വേണം.

മിസ്റ്റർ പി. കെ. ഡീവർ: പബ്ലിക്ക് സർവ്വീസ് കമ്മീഷനെ നിയമിച്ചിട്ടുണ്ടെങ്കിലും, അതിന്റെ പ്രവർത്തനം തുടങ്ങാതെ, പഴയ സ്റ്റാഫ് സിലക്ഷൻ ബോർഡിലെ അംഗങ്ങൾ ചെയ്തിരുന്ന രീതിയിലാണ് ഈ ജോലി നോക്കി വരുന്നതെന്നുള്ളതുകൊണ്ടു്, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മുതലായ ഇനത്തിൽ ഗവണ്മെണ്ടിനു വലിയ നഷ്ടം വന്നിട്ടുണ്ടെന്നു് ഇപ്പോഴെങ്കിലും ബോദ്ധ്യം വന്നിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ നടപടികൾ സ്വീകരിച്ചു കായ്ങ്ങൾ നടത്തുന്നതുകൊണ്ടു് വലിയ നഷ്ടം വന്നിട്ടുണ്ടോ എന്നു് എനിക്കു മറുപടി പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഉദ്യോഗസ്ഥൻ regular ആയി office ൽ attend ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എ. ഔസേപ്പ്: അതിൽ ഒരു സെക്രട്ടറി ഉണ്ട്. അദ്ദേഹം office ൽ attend ചെയ്യുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: മറ്റുള്ളവർ full time ശമ്പളം പറ്റുന്നവരല്ലെ? അതുകൊണ്ട് അവരും ശരിക്ക് office ൽ attend ചെയ്യേണ്ടതല്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: മുഴുവനും മുഴുവനും ആയിട്ടില്ല. എന്നിട്ടുവേണ്ടെ ആഫീസിൽ attend ചെയ്യാൻ!

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അപ്പോൾ ഇതിൽ യാതൊരു മുഴുമില്ലാത്തരത്ര എർപ്പാട് പോലെയാണല്ലോ ഇരിക്കുന്നത്!

Mr. President: It is a matter of opinion. I want to know the specific relevancy of the question.

മിസ്റ്റർ പി. കെ. ഡീവർ: Sir, I will repeat it. എന്റെ ചോദ്യം ഒന്നുകൂടി വിശദമാക്കാൻ ഉണ്ട്. യാതൊരു ചിലവുമില്ലാതെ നടത്തിക്കൊണ്ടിരുന്ന Staff Selection Board-ന്റെ രീതിയിലുള്ള അതെ പ്രവൃത്തി നടത്തുവാനായി ഫ മാസമൊ, ഫ മാസമൊ ആയി, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു് ശമ്പളവും മറ്റും കൊടുത്തു വരുന്നതുകൊണ്ട്, ഇതു് ഒരു അനാവശ്യ ചിലവാണെന്നു് ഗവൺമെണ്ടിനു ഇപ്പോൾ ബോദ്ധ്യമായിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇതു് ചോദ്യത്തിൽനിന്നും അകന്ന ഒരു ഉപചോദ്യമാണ്. ഇതിനു മറുപടി പറയണമെന്നു് പ്രസിഡണ്ടു് കല്പിക്കുന്ന പക്ഷം ഞാൻ പറയാം.

മിസ്റ്റർ പ്രസിഡണ്ടു്: ഇതുവരെ രൂപം ഉണ്ടാക്കി പ്രവർത്തനം തുടങ്ങാതിരിക്കുന്നതുകൊണ്ടു് Public Service കമ്മീഷനു വേണ്ടിവന്നിട്ടുള്ള ചിലവു് നഷ്ടമല്ലെ എന്നാണു് ചോദ്യം.

മിസ്റ്റർ പി. കെ. ഡീവർ: സ്റ്റാഫ് സിലക്ഷൻ ബോർഡുമൂലം യാതൊരു വിശേഷ ചിലവും കൂടാതെതന്നെ നടത്തിയിരുന്ന ഉദ്യോഗ നിയമനം, അതെ രൂപത്തിനെമാത്രം അസ്സലാക്കിക്കൊണ്ടു് നടത്തുവാൻ ഒരു പബ്ലിക്ക് സർവ്വീസ് കമ്മീഷനെ ഏർപ്പെടുത്തി, അതിനാവശ്യമായ ഉദ്യോഗസ്ഥന്മാർക്കും മറ്റും ശമ്പളവും മറ്റുമായി പണം ചിലവു ചെയ്യേണ്ടതായി വന്നിട്ടുള്ളതുകൊണ്ടു് ഫ ം, ഫ മാസമായിട്ടു് ഗവൺമെണ്ടിനു ഒരു അനാവശ്യ ചിലവു വന്നിട്ടുണ്ടെന്നു് ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ എന്നാണു് എന്റെ ചോദ്യം.

മിസ്റ്റർ സി. എ. ഔസേപ്പ്: അതിൽ അനാവശ്യ ചിലവു് എന്നുള്ളതു വെട്ടിക്കളഞ്ഞു് ചോദിച്ചാൽ, ചിലവു വന്നിട്ടുണ്ടെന്നു ഞാനും സമ്മതിക്കാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: Government of Cochin Act, section 50 (d) പ്രകാരം പബ്ലിക്ക് സർവ്വീസ് കമ്മീഷനു് ചില പ്രത്യേക അധികാരങ്ങളും കൊടുത്തിട്ടുണ്ടു്. എന്നിരുന്നാലും, അതു് സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ പ്രവർത്തനമനുസരിച്ചുതന്നെയാണോ പ്രവർത്തിക്കുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: ഇതിനു് ഒരു അഞ്ചരലക്ഷത്തോളം ചിലവു് വന്നിട്ടുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതുയൊന്നുമില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർവ്വീസ് കമ്മീഷന്റെ ചെയർമാൻ ഒരു രൂളർ ആയതുകൊണ്ടാണൊ രൂളകം വേണ്ടെന്നുവെച്ചതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: രൂളർ എന്നതിനു് ഉദ്ദേശിച്ച അർത്ഥം മനസ്സിലായില്ല. രൂളർ എന്നാൽ രൂൾവടി എന്നും അർത്ഥമുണ്ടു്. (ചിരി!!).

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: രാവു് എന്ന അർത്ഥത്തിലാണു് ഞാൻ ചോദിച്ചതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: അദ്ദേഹം ഒരു രാജാവായി ഞാൻ അറിഞ്ഞിട്ടില്ല.

Mr. President: Order, Order. No that question does't arise from this.

RESOLUTIONS PASSED BY THE BOARD OF TRUSTEES OF THE C.S.M.B. FUND—PARTICULARS OF

17. (32) **Mr. C. V. Iyyu** *(Kunnamkulam):* Will Government be pleased to state:—

(*a*) whether they have received resolution 4 passed in the meeting of the Board of Trustees of the C.S.M.B. Fund held on 5th August 1948;

LIBRARY ARCHIVES Kerala Legislative Assembly